YEARS OF CELEBRATING THE MAHATMA

# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ജനുവരി 5

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

2020 ഡിസംബർ നാലിന് നടത്താനിരുന്നതും മാറ്റിവച്ചതുമായ അവസാന വർഷ എം.പി.ടി. (2013 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി എട്ടിന് ഉച്ചകഴിഞ്ഞ് രണ്ടുമുതൽ അഞ്ചുവരെ നടക്കും. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/16/2021)

2020 ഡിസംബർ നാലിന് നടത്താനിരുന്നതും മാറ്റിവച്ചതുമായ ഒന്നാം സെമസ്റ്റർ എം.എസ് സി. ബയോമെഡിക്കൽ ഇൻസ്ട്രുമെന്റേഷൻ (2016 അഡ്മിഷൻ മുതൽ റഗുലർ/സപ്ലിമെന്ററി) പരീക്ഷകൾ ജനുവരി എട്ടിന് ഉച്ചകഴിഞ്ഞ് രണ്ടുമുതൽ അഞ്ചുവരെ നടക്കും. പരീക്ഷകേന്ദ്രത്തിന് മാറ്റമില്ല.

(പി.ആർ.ഒ/39/17/2021)

## പരീക്ഷഫലം

2019 ഒക്ടോബറിൽ നടന്ന മൂന്നാം സെമസ്റ്റർ സി.ബി.സി.എസ്.എസ്. ബി.എസ് സി. സൈബർ ഫോറൻസിക് മോഡൽ 3 പരീക്ഷയുടെ ഇടപ്പള്ളി സ്റ്റാസ് കോളേജിലെ വിദ്യാർഥികളുടെ (2018 അഡ്മിഷൻ റഗുലർ) ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി 20 വരെ അപേക്ഷിക്കാം.

(പി.ആർ.ഒ/39/18/2021)

## റിസർച്ച് ഫെലോ ഒഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്‌കൂൾ ഓഫ് ബയോസയൻസസിലെ സംയുക്ത പ്രൊജക്ടിൽ റിസർച്ച് ഫെലോയുടെ രണ്ടൊഴിവുണ്ട്. യോഗ്യത: ഏതെങ്കിലും ലൈഫ് സയൻസ് ബ്രാഞ്ചിൽ എം.എസ് സി. ജൈവ കൃഷിയിൽ താല്പര്യവും പ്രൊജക്ടിന്റെ ഭാഗമായി കൃഷിസ്ഥലത്ത് ജോലി ചെയ്യാനും താല്പര്യമുള്ളവർക്ക് മുൻഗണന. രണ്ട് വർഷമാണ് പ്രൊജക്ട് കാലാവധി. മാസം 10000 രൂപ ലഭിക്കും. ബയോഡാറ്റ സഹിതമുള്ള അപേക്ഷ 2622@mgu.ac.in എന്ന ഇമെയിലിലേക്ക് ജനുവരി 15നകം അയയ്ക്കണം. വിശദവിവരത്തിന് ഫോൺ: 0481-2731035, 9847901149.

(പി.ആർ.ഒ/39/19/2021)

**എ. അരുൺ കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ